കയർ വ്യവസായ സംഘങ്ങൾ.

263. [19] ശ്രീ. സി. കൊച്ചുകഞ്ഞു : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1953-54-ൽ പുതുതായി എത്ര കയർവ്യവസായ സംഘങ്ങൾ രൂപീകരിച്ചിട്ടുണ്ടു് ;

(ബി) എവിടെയെല്ലാം ?

ഉത്തരം.

(എ) 1953-54-ൽ 30 കയർ സൊസൈറ്റികൾ രജിസ്റ്റർ ചെയ്തിട്ടുണ്ടു്.

(ബി) * പട്ടിക മേശപ്പുറത്തു് വച്ചിട്ടുണ്ടു്.

നിവേദനം.

264. [22] ശ്രീ. പി. കെ. അബ്ദുൽഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം പട്ടണത്തിൽ ഒരു സ്പോർട്ട്സ്-ഗെയിംസ് സ്റ്റേഡിയം നിർമ്മിക്കേണമെന്നു് ഗവണ്മെൻറിലേക്കു് നിവേദനം കിട്ടിയിട്ടുണ്ടോ ;

(ബി) ഈ കാര്യത്തിൽ എന്തെല്ലാം നടപടികൾ നടത്തിയിട്ടുണ്ടു് ?

ഉത്തരം.

(എ) ഉണ്ടു്.

(ബി) ഗവണ്മെൻറിൻെറ പരിഗണനയിൽ ഇരിക്കുന്നു.

അഡൈ്വസറി കമ്മിറ്റികളുടെ തീരുമാനങ്ങൾ.

265. [23] ശ്രീ. എം. എ. ആൻറണി : താഴെ കാണുന്ന ചോദ്യത്തിനു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

കമ്മ്യൂണിറ്റി പ്രോജക്ടുകളിലെ അഡൈ്വസറി കമ്മിറ്റികളുടെ തീരുമാനങ്ങൾ പലതും ഗവണ്മെൻറു് അവഗണിക്കുന്നു എന്നു് പരാതിയുണ്ടോ ?

ഉത്തരം.

ഗവണ്മെൻറിനു് അപ്രകാരം പരാതി ലഭിച്ചിട്ടില്ല.

മരച്ചീനിവ്യവസായ സഹകരണസംഘങ്ങൾ

266. [24] ശ്രീ. എം. എ. ആൻറണി : താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മരച്ചീനിവ്യവസായ സഹകരണസംഘങ്ങൾ അതിൽ ഷെയർഎടുത്തു് അംഗങ്ങളായി ചേരുന്നവരുടെ മാത്രം മരിച്ചീനി വിലയ്ക്കെടുത്താൽ മതിയെന്നു് ഗവണ്മെൻറു് നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിൻെറ കാരണമെന്തു് ?

* Please see Appendix No. VII.

LIBRARY ARCHIVES Kerala Legislative Assembly

APPENDIX No. VII

[Please see answer to question No. 263 (19)]

ബി. 1. വെച്ചൂർ
2. മങ്കൊമ്പ്
3. പെരുമൺ
4. ഇരുത്താംവഴി
5. ചമ്പാ തെക്ക്
6. ചെങ്ങണ്ട
7. തിരുമണി വെങ്കിട്ടപുരം
8. ചെല്ലാനം
9. മങ്ങാട്ട്
10. തുമ്പോളി
11. എഴുപുന്ന
12. പടിയം
13. ചെമ്മാപ്പള്ളി
14. മാച്ചൻതുരുത്ത്
15. വയലാർ
16. ചെറുകര
17. പന്മന
18. പടിഞ്ഞാറെകൊല്ലം
19. കണിയാപുരം
20. ആറാട്ടുപുഴ
21. ഇടവനക്കാട്
22. അന്ധകാരനഴി
23. കണ്ടച്ചിറ
24. മുത്തകുന്നം
25. മുണ്ടയ്ക്കൽ
26. തുക്കുവാ
27. നാരായണമംഗലം
28. ചേന്നമംഗലം
29. നേരേകടവ്
30. മയ്യനാട്

LIBRARY ARCHIVES Kerala Legislative Assembly